
കുട്ടിപട്ടത്തിന്റെ ചിറകുകൾ
SHGHS BHARANANGANAM

# എസ്.എച്ച്.ജി.എച്ച്.എസ്.ഭരണങ്ങാനം

# കുട്ടിപട്ടത്തിന്റെ ചിറകുകൾ

# 2019
## ജനുവരി

# എഡിറ്റോറിയൽ

അറിവിന്റെ അലകൾ അടിച്ചുകയറിക്കൊണ്ടിരിക്കുന്നു.............

ഇനിയും കാത്തിരിക്കുവാൻ സമയമില്ല.

വർണ്ണങ്ങളിലേക്ക് കുതിച്ചുപായുന്ന ലോകത്തോടൊപ്പം ഓടാൻ..... വിജയിക്കുവാൻ........ ലിറ്റിൽ

കൈറ്റ്സ് ഐ. റ്റി ക്ലബ്ബിനോടൊപ്പം മുന്നോട്ട് പോകാം........

അതോടൊപ്പം ഭാവനകളിൽ വിരിയുന്ന കലകളും പ്രദർശിപ്പിക്കാം....... ഞങ്ങളുടെ കൂട്ടായ്മയിലേക്ക്

ഒരു നോട്ടം....

ചീഫ് എഡിറ്റർ

നേഹ ഷാജി

# ആശംസ

സ്നേഹം നിറഞ്ഞ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളേ,


ഭരണങ്ങാനം എസ്.എച്ച്.സ്കൂളിലെ കുട്ടികളുടെ ഭാവനയിൽ

വിരിഞ്ഞകഥ,കവിത,ഉപന്യാസം,ലേഖനം എന്നിവയുടെ സമാഹാരമായ ഈ ഡിജിറ്റൽ മാസിക "

**കുട്ടിപട്ടത്തിന്റെ ചിറകുകൾ** "

വളരെ മനോഹരമായിരിക്കുന്നു. ചിറകുവിരിച്ച സർഗ്ഗാത്മകതയിൽ ആധുനിക സാങ്കേതിക വിദ്യ ഉൾച്ചേർത്തപ്പോൾ അതിമനോഹരമായി. ഇതിൻെറ പിന്നിലെ ശില്പികളായ നിങ്ങൾ ഓരോരുത്തരെയും പ്രത്യേകം അഭിനന്ദിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ



സിസ്റ്റർ ഷൈൻ റോസ്


ഹെഡ്മിസ്ട്രസ്

എസ്.എച്ച്.ജി.എച്ച്.എസ്.ഭരണങ്ങാനം

# ആശംസ

കുട്ടികളിലെ സർഗത്മകതയെ തിരിച്ചറിഞ്ഞ് അവ ആധുനിക സാങ്കേതിക വിദ്യയുടെ ഭാഗമാക്കി മാറ്റിയ " കുട്ടിപട്ടത്തിന്റെ ചിറകുകൾ " എന്ന മാഗസിൻ വളരെ മനോഹരമായിരിക്കുന്നു. ഇതിൻെറ പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ നേരുന്നു.

സ്നേഹത്തോടെ




മിനിമോൾ മാത്യു
ക്ലാസ് ടീച്ചർ
എസ്.എച്ച്.ജി.എച്ച്.എസ്.ഭരണങ്ങാനം

# ***ആശംസ***

***ഇന്ന് ലോകം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ് . സാങ്കേതികശാസ്ത്രത്തിന്റെ മുന്നേറ്റം ലോകത്തിന്റെ അല്ലെങ്കിൽ നമ്മുടെ നാടിന്റെ പുരോഗമനത്തിനും,വളർച്ചയ്ക്കും അനിവാര്യമാണ്. അതിനായി നമ്മുടെ സ്കൂളുകളിൽ "ലിറ്റിൽ കൈറ്റ്സ് ക്ലബ് "***
***ആരംഭിച്ചു. ഒരോ കുട്ടിയ്ക്കുംഅവരുടെ ഐ.റ്റി മേഖലയിലെ മികവു തെളിയിക്കാനും സാങ്കേതികലോകത്തിന് മികച്ച സംഭാവന നൽകുവാനും വളരെ സഹായകരമാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ് . വിവരവിനിമയ സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കായി തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രഥമ സംരംഭമായ "കുട്ടിപട്ടത്തിന്റെ ചിറകുകൾ " ക്ക് ചുക്കാൻ പിടിച്ച എല്ലാ അംഗങ്ങൾക്കും വിജയാശംസകൾ നേരുന്നു .***

***സ്നേഹത്തോടെ***



***രേവതി.എസ് .നായർ***

***സ്കൂൾ ലീഡർ***

| ക്രമ. നമ്പർ | ഉള്ളടക്കം | പേജ് |
| --- | --- | --- |
| 1 | അമ്മ | 8 |
| 2 | അക്ഷരം കൊണ്ടൊരു മുത്തുമാല | 9 |
| 3 | വിശപ്പ് | 10 |
| 4 | വിദ്യാലയം | 12 |
| 5 | കുഞ്ഞോതയും കീരിയും | 13 |
| 6 | ശാന്തത | 14 |
| 7 | സ്നേഹ സ്പർശം | 15 |
| 8 | രമണീയ കേരളം | 17 |
| 9 | ആ കുറ്റബോധ നിമിഷങ്ങൾ | 18 |
| 10 | മലയാളിയും മലയാളവും | 19 |
| 11 | കണ്ണീർപ്പൂവ് | 20 |
| 12 | കുട്ടിലെ തത്ത | 23 |
| 13 | ജനനി | 24 |
| 14 | പനിനീർപ്പൂവ് | 25 |
| 15 | അമ്മ | 26 |
| 16 | പൊൻമുട്ടയിടുന്ന താറാവ് | 28 |
| 17 | തേൻ മധുരം | 29 |
| 18 | വിദ്യാലയം | 30 |
| 19 | അതിമോഹം ആപത്ത് | 31 |
| 20 | കുഞ്ഞേടത്തിയും ഉണ്ണിയും | 32 |
| 21 | മഴ | 33 |
| 22 | സ്നേഹ സമ്മാനം | 35 |
| 23 | അക്ഷരം | 37 |

| | | |
|---|---|---|
| 24 | ഒരു ക്രിസ്മസ് സമ്മാനം | 38 |
| 25 | അണ്ണാൻ കുഞ്ഞു ആനമൂപ്പനും | 40 |
| 26 | സ്ത്രീ ഒരു അമൂല്ല്യരത്നനം | 41 |
| 27 | മറ്റൊരമ്മയും ഉണ്ണിയും | 43 |
| 28 | സുന്ദരിയായ രാജകുമാരി | 44 |
| 29 | പപ്പടം | 47 |
| 30 | ബാല്യകാലം | 48 |
| 31 | വിദ്യാലയം | 49 |
| 32 | പ്രതീക്ഷയുടെ കിരണങ്ങൾ | 50 |
| 33 | നമ്മുടെ ഭാഷ | 52 |
| 34 | താളം തെറ്റിയ കാലം | 53 |

# അമ്മ

എൽസിറ്റ് റെജി X A

അമ്മയെന്ന രണ്ടക്ഷരമോർക്കുകിൽ

എൻ കഴിഞ്ഞകാലമോർക്കുന്നു ഞാൻ

അമ്മയുടെ വേദനയിൽ ജനിച്ചു ഞാൻ

അമ്മതൻ വാത്സല്യമായി പൊതിഞ്ഞെൻ ശരീരം

അമ്മതൻ കരങ്ങളിൽ വളർന്നു ഞാൻ

അമ്മതൻ തലോടലിൻ നിദ്രയിൽ ഞാൻ

അമ്മതൻ സ്നേഹത്തിലുണർന്നു ഞാൻ

കാലത്തിനൊപ്പം മുന്നോട്ടുനീങ്ങവെ

അമ്മതൻ സ്നേഹം നുകർന്നു ഞാൻ

ആദ്യമായി ഞാൻ മൊഴിഞ്ഞൊരു പദം

അമ്മ...

ആശാൻ അക്ഷരം ഒന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യർക്ക്
(കുഞ്ചൻ നമ്പ്യാർ)

# അക്ഷരം കൊണ്ടൊരു മുത്തുമാല

കീർത്തന ആർ. നായർ - X A

അക്ഷരമുത്ത് കൊരുത്തെടുത്തെൻ
ചാരുതയേറിയാമുത്തുമാല
ഭാഷ എന്നല്ലോ പേർ നൽകിയത്
അമ്പത്തിയാറ് മുത്ത് കൊർത്തുണ്ടാക്കിയ
എൻ മാലയ്ക്ക് പേർ മലയാളമെന്ന്
വെവ്വേറേ വർണ്ണങ്ങളുള്ള മുത്തുപോൽ
അക്ഷരത്തിനും വിഭജനങ്ങൾ
വ്യഞ്ജനവും പിന്നെ സ്വരാക്ഷരങ്ങളും
ചില്ലക്ഷരങ്ങളും കൂട്ടക്ഷരങ്ങളും
നാനാവിധങ്ങളിലുള്ളൊരാമുത്തുകൾ
കോർത്തെടുത്തുണ്ടാക്കി മുത്തുമാല
ഏറെ പ്രിയങ്കരം എറെ രസകരം
ഞാനെന്നും എന്നും ഓർത്തിടും
പൊട്ടാതെ , പൊടിയാതെ
കാത്തീടും ഞാൻ...

അച്ചടക്കമാണ് ജനാധിപത്യത്തിൻ സാരാംശം
ജനാതിപത്യ വിശ്വാസി അച്ചടക്കത്തിൽ
വിശ്വസിക്കുന്നവനായിരിക്കണം.
(ഗാന്ധിജി)

# വിശപ്പ്

പവിത്ര ജെയിംസ് - X A



ഒരു കള്ളച്ചിരിയോടെ കടന്നുവന്ന മന്ദമാരുതനാണ് അമ്മുവിനെ അവളുടെ ചിന്തയിൽ നിന്നും ഉണർത്തിയത്. അവൾ പത്താംതരത്തിൽപഠിക്കുന്നഒരുകുട്ടിയാണ്. ആരോരുമില്ലാത്തവൾ. ഒരു പാവം അനാഥക്കുട്ടി. തന്റെ കൂട്ടുകാർ അവധിക്ക് വീട്ടിൽ പോകുമ്പോൾ അവൾക്ക് പോകാനൊരിടവുമില്ല.അമ്മയുടെ വാത്സല്യം അവൾ അറിഞ്ഞിട്ടില്ല. സഹോദരസ്നേഹവും അവൾ അനുഭവിച്ചിട്ടില്ല. പക്ഷെ അവൾക്കൊരു കൂട്ടുകാരിയുണ്ട്ചിന്നു. അമ്മു തന്റെ വ്യക്തിപരമായ കാര്യങ്ങൾ പോലും ചിന്നുവിനോട് പറയുമായിരുന്നു. ആരോരുമില്ലാത്ത ആ അനാഥക്കുട്ടിക്ക് കുറച്ചെങ്കിലും ആശ്വാസമായിരുന്നത്ചിന്നുവിനോടുള്ളസൗഹൃദമായിരുന്നു.

അന്ന് സ്കൂളിൽ ഉച്ചഭക്ഷണത്തിനായി മണി മുഴങ്ങി. അമ്മു ഭക്ഷണം കഴിക്കുവാനായി ഹോസ്റ്റലിലേയ്ക്ക് പോയി. ചിന്നുവിനോട്

സംസരിക്കുവാനുള്ള ആശമൂലം അവൾ ഭക്ഷണം കഴിച്ച് നേരത്തെ വന്നു. അപ്പോഴുംചിന്നു അവിടെ തന്നെ ഇരിക്കുകയായിരുന്നു.
അമ്മു അവളോട് ചോദിച്ചു: "നീ ഭക്ഷണം കഴിച്ചില്ലേ."
അവൾ പറഞ്ഞു: "ഞാൻ വീട്ടിൽ നിന്ന് കഴിച്ചിട്ടാ വന്നത്."

രാവിലെ ഉന്മേഷവതിയായി വരുന്ന ചിന്നു വൈകിട്ട് അവശയാണ്. കളിക്കുവാൻ വിളിച്ചാൽ പലപ്പോഴും ചിന്നു വരാറില്ല. അത് അമ്മു പലപ്പോഴും ശ്രദ്ധിച്ചു. ഓരോ ദിവസവും ഇങ്ങനെ കടന്നു പോയി. ഒരു ദിവസം അമ്മുവിനു സംശയം തോന്നി. അമ്മു കൂട്ടുകാരോട് ചോദിച്ചു,ചിന്നുവിൻെറ കാര്യം. അവർ പറഞ്ഞു: "ചിന്നു ഭക്ഷണം കഴിക്കാറില്ല, ചോദിക്കുമ്പം വിശപ്പില്ലാന്ന് പറയും." അമ്മു ചിന്നുവിനോട് തന്നെ കാര്യം തിരക്കി. അവൾ പറഞ്ഞു: "എൻെറ അച്ഛൻ മരിച്ചു. അമ്മ കൂലിപ്പണി എടുത്താണ് എന്നെ വളർത്തുന്നത്. പലപ്പോഴും രണ്ട് ദിവസത്തിൽ ഒരു തവണയാണ് ഭക്ഷണം കഴിക്കാറ്."

അപ്പോഴാണ് അമ്മുവിന് കാര്യം മനസ്സിലായത്. അപ്പോൾ അമ്മു മഠത്തിലെ മദറിനോട് പറഞ്ഞ് ചിന്നുവിന് ഭക്ഷണത്തിനുള്ളത്ഏർപ്പാടാക്കി.അപ്പോഴാണ്അമ്മുവിന് മനസ്സിലായത്, **അനാഥത്വത്തിൻെറ വേദനയേക്കാൾ വലുതാണ് വിശപ്പിൻെറ വില എന്ന്...**

# വിദ്യാലയം

സാഫല്ല്യ ഷിബു VIII C



അമ്മതൻ കൈ പിടിച്ച് ആദ്യമായി
വിദ്യാലയപടി ചവിട്ടിയപ്പോൾ
പേടിച്ചാവും എൻ കണ്ണ് നിറഞ്ഞിരുന്നു...
കാലങ്ങൾ കഴിഞ്ഞപ്പോൾ
നന്മയും തിന്മയും എനിക്ക്
വേർതിരിച്ച തന്നു എൻ വിദ്യാലയം...
മാതാവിനേയും പിതാവിനേയും
ഗുരുവിനേയും ദൈവമായി കാണുവാൻ
എന്നെ പഠിപ്പിച്ച എൻ വിദ്യാലയം ...
ഇണക്കവും പിണക്കവും
തെറ്റും ശരിയും എന്തെന്നറിയിച്ചത്
എൻ വിദ്യാലയം...
എന്നിലെ എന്നെ തിരിച്ചറിഞ്ഞതും
നിന്നിലെ നിന്നെ തിരിച്ചറിഞ്ഞതും
നമ്മുടെ ഈ വിദ്യാലയം...

# കുഞ്ഞോതയും കീരിയും

അയോണ ഷിബു - V B




കുഞ്ഞോതയ്ക്ക് തൊടിയിലും പറമ്പിലുമെല്ലാം കളിക്കുന്നത് വലിയ ഇഷ്ടമാണ്. കിളികളോടൊപ്പവും പൂമ്പാറ്റകളോടൊപ്പവുമാണ് അവൾ എന്നും കളിക്കുക. അങ്ങനെയിരിക്കെ അവൾക്ക് പുതിയൊരു കൂട്ടുകാരനെ കിട്ടി ഒരു കീരിക്കുട്ടൻ. കുഞ്ഞോത കളിക്കുന്നത് അകലെയുള്ള പൊത്തിൽ നിന്നും കീരിക്കുട്ടൻ നോക്കി രസിക്കും. അങ്ങനെയിരിക്കെ ഒരു ദിവസം കുഞ്ഞോത പറമ്പിൽ കളിക്കുവാനിറങ്ങിയതായിരുന്നു. പെട്ടന്നാണ് ഒരു പാമ്പ് അവൾക്ക്
നേരെ ചീറിയെടുത്തത്. "അയ്യോ രക്ഷിക്കണേ..."
അവൾ ഉറക്കെ കരഞ്ഞു.അതു കേട്ട് കീരിക്കുട്ടൻ കുതിച്ചോടി, എന്നിട്ട് പാമ്പിനെ കടിച്ചോടിച്ചു. അപ്പോൾ കുഞ്ഞോതയ്ക്ക് വളരെയധികം സന്തോഷമായി. അവൾ കീരിക്കുട്ടനു നന്ദി പറഞ്ഞ് വീട്ടിലേക്ക് നടന്നു.




പനിനീർ ദളം പോലെ

മൃദുവായ ചുണ്ടുകൾ

നീണ്ടു വിടർന്ന കണ്ണുകളോടു ചോദിച്ചു

നീയെന്തേ നിറയാത്തൂ

നീയെന്തേ തുളുമ്പാത്തൂ

എന്തേ പെയ്തൊഴിയാത്തൂ

ഒരു കടലുണ്ടല്ലോ കരഞ്ഞു തീർക്കാൻ

പെയ്തൊഴിയൂ മനസ്സ് ശാന്തമാകട്ടെ

മിഴികൾ മെല്ലെ മൊഴിഞ്ഞു

തുവെന്നാൽ ഞാൻ പെയ്തുവെന്നാൽ

നിനക്ക് വിതുമ്പാതിരിക്കാനാവില്ല

തേങ്ങി തേങ്ങി തളരാതിരിക്കാനാവില്ല

അലറി കരയാതിരിക്കാനാവില്ല

എനിക്കതു കാണാൻ വയ്യ

നിന്റെ പുഞ്ചിരിയിലാണെന്റെ ശാന്തത.

# സ്നേഹസ്പർശം

അനിത എ.എസ് X A



തണുത്ത ഒരു രാത്രി, മനു തൻെറ വീട്ടിനുള്ളിൽ പുതച്ചുമൂടികിടക്കുകയാണ്. അവനറിയാം ഇന്ന് ക്രിസ്തുമസാണെന്ന്. എങ്കിലും യാതൊരു ആഘോഷങ്ങളോ, ചിരികളോ ആ വീട്ടിൽനിന്ന് ഉയരുന്നുണ്ടായിരുന്നില്ല. കാരണം, അവൻ ദരിദ്രകുടുംബത്തിലെഒരംഗമായിരുന്നു. എന്നാലും തൻെഇല്ലായ്മക-ളെല്ലാം മറന്ന് അവൻ ദൈവാലയത്തിൽ പോകാൻ തീരുമാനിച്ചു. അവൻ

തനിക്കാകെയുണ്ടായിരുന്ന കമ്പിളിപുതപ്പും പുതച്ചുകൊണ്ട് ദൈവാലയത്തിലേക്ക് നടന്നു. ഒരു കടയുടെ മുമ്പിൽ തണുത്ത് വിറച്ചിരിക്കുന്ന ഒരു വൃദ്ധനെ അവൻ കാണാനിടയായി. എങ്കിലും, അവൻ അദ്ദേഹത്തെ കണ്ടതായി ഭാവിക്കാതെ കടന്നുപോയി. കാരണം, അവന്റെ കൈയ്യിൽ യാതൊന്നുമില്ലായിരുന്നു. ഉണ്ടായിരുന്നത് ഒരു കമ്പിളിപുതപ്പുമാത്രമാണ്. അത് കൊടുത്താൽ തനിക്ക് തണുക്കുമെന്നോർത്ത് അവനത് കൊടുത്തില്ല. ദൈവാലയത്തിലെത്തിച്ചേർന്ന അവൻ പുൽക്കൂട്ടിലിരിക്കുന്ന ഉണ്ണീശോയെ കണ്ടു. അവിടുത്തെ എളിമയും, പുഞ്ചിരിയുമെല്ലാം അവനെ വളരെയധികം സന്തോഷിപ്പിച്ചു. തന്റെ സങ്കടങ്ങളെല്ലാം അകന്നതുപോലെ അവന് തോന്നി. എങ്കിലും,അവന്റെ ഉള്ളിന്റെയുള്ളിൽ ഇങ്ങനെയൊരു ശബ്ദം മുഴങ്ങുന്നുണ്ടായിരുന്നു:

"നീ അശണരെ സഹായിക്കുന്നവനാകണം..എങ്കിലേ നിന്റെയുള്ളിലും എനിക്ക് ജനിക്കാൻ സാധിക്കൂ..."

ഇത് അവനിൽ സുകൃതം നിറയാൻ സഹായിച്ചു. കുർബാനയ്ക്കുശേഷം തിരിച്ച് വീട്ടിലേക്ക് നടന്ന അവൻ ആ വൃദ്ധനെ വീണ്ടും അവിടെയിരിക്കുന്നതായി കണ്ടു. അവൻ ഓടിച്ചെന്ന് തന്റെ കമ്പിളിപുതപ്പുകൊണ്ട് അദ്ദേഹത്തെ പുതയ്ക്കുകയും വീട്ടിലേക്ക് കൊണ്ടുവരുകയും അവിടെയുണ്ടായിരുന്ന ഭക്ഷണം അദ്ദേഹത്തിനു നൽകുകയും ചെയ്തു. അതിനുശേഷം ആ വൃദ്ധൻ അവിടെനിന്നും എങ്ങോട്ടോ പോയി. ആ സമയത്ത് ആരോ അവന്റെ മനസ്സിൽ ഇങ്ങനെ പറയുന്നത് അവൻ കേട്ടു:

**"ഞാനിന്ന് നിന്റെ ഹൃദയത്തിൽ ജനിച്ചിരിക്കുന്നു.."**

# രമണീയ  കേരളം

ആര്യ  രാമകൃഷ്ണൻ VIIIC



ഉയരുംമോഹനസംസ്കാരപ്പൂ-
മലരുൾ വിരിയുംമലയാളത്തിൽ
പച്ചപ്പന്തലിലണയാൻ കേരൻ
മാടിവിളിക്കും  മലയാളത്തിൽ
തുഞ്ചൻ തന്നടെ പൈങ്കിളി പാട്ടും
കുഞ്ചൻ തന്നടെ നർത്തകി ആട്ടും
മലയാളം മനോരഹരം
അമ്പരചുമ്പിയായ്  നിൽക്കും
സഹ്യാനക്കൾ
പച്ചപരവതാനി  വിരിച്ച കിടക്കും
പുൽമേടുകൾ
അഴകുറ്റ ഈ  കേരളം
എത്ര  രമണീയം
ജനനീ,രമണീ,ധരണീ
നീയെത്ര  മനോഹരീ..!

# ആ കുറ്റബോധനിമിഷങ്ങൾ

ട്രീസാ മരിയ ജോബിൻ VIII C



പ്രഭാതത്തിലെ സൂര്യകിരണങ്ങളേറ്റ് മഞ്ഞുതുള്ളികൾ അപ്രത്യക്ഷമായികൊണ്ടിരുന്ന സമയം. ടെസ്സ നേരത്തെ തന്നെ എഴുന്നേറ്റിരുന്നു.സ്കൂളിലേക്കു പോകാനുള്ള തിരക്കിലാണവൾ. ഇന്ന് നാലാം ക്ലാസിലേ ആദ്യ ദിനമാണ്. തൻെറ പുത്തൻ ബാഗും ഡ്രസ്സുമൊക്കെ ഇട്ടാണ് ടെസ്സ പോവുന്നത്. സ്കൂളിലെ ആദ്യ ദിനത്തിൻെറ സ്കൂളിലെ ആദ്യദിനത്തിന്റെ ഉന്മേഷത്തിൽ ടെസ്സ പപ്പയോടും അമ്മയോടും യാത്ര പറഞ്ഞ് വീട്ടിൽ നിന്നും ഇറങ്ങി.

ക്ലാസിൽ എത്തിയപ്പോൾ എല്ലാവരും തന്നെ പുത്തൻ ബാഗും ഉടുപ്പുമാണ് ധരിച്ചിരുന്നത്. അവരുടെ ഉടുപ്പിൻെറ ഭംഗി ആസ്വദിക്കുന്നതിനിടയിൽ അവളൊരു കാര്യം ശ്രദ്ധിച്ചു.തൻെറ ക്ലാസിൽ ഏറ്റവും നന്നായി പഠിക്കുന്ന സോന മാത്രം തൻെറ പഴയ ബാഗും ഉടുപ്പുമാണ് ധരിച്ചിരിക്കുന്നത്.അവളൊരുപാവപ്പെട്ടവീട്ടിലെ കുട്ടിയാണെന്നറിയാമായിരുന്നെങ്കിലും അവളെയൊന്നു കളിയാക്കാനായി ടെസ്സ എല്ലാവരോടുമായ് പറഞ്ഞു:''ദേ, നമ്മുടെ ക്ലാസിലെ പഠിപ്പിസ്റ്റ് ഒരു കീറാറായ ബാഗും പഴയ ഉടുപ്പുമാ ഇട്ടേക്കുന്നത്. എന്തായിരുന്നു ഇവളുടെ അഹങ്കാരം. ഒരു പഠിപ്പിസ്റ്റ് പോലും ഇപ്പം കണ്ടില്ലേ.'' ഇത്രയും ടെസ്സ പറഞ്ഞപ്പോഴേക്കും സോന കരയാൻ തുടങ്ങി. സോന കരയുന്നതു കണ്ടപ്പോൾ ടെസ്സയ്ക്കു കുറ്റബോധമുണ്ടായി. അവൾ സോനയുടെ അടുത്തു ചെന്ന് അവളോടു സോറി പറഞ്ഞു. 'നിന്നെ കരയിക്കാൻ

പറഞ്ഞതല്ല.രസത്തിന് പറഞ്ഞതാണ് സോറി'.''സാരമില്ല ടെസ്സ ഇങ്ങനെ പറഞ്ഞാൽ ആർക്കാണ വിഷമം വരാതിരിക്കുക''.ഇങ്ങനെ പറഞ്ഞ് സോന ക്ലാസിൽ നിന്നും വെളിയിലേക്കു പോയി. ആ സമയം ടെസ്സ മനസ്സിലുറപ്പിച്ചു.''ഇനി ആരെയും ഇങ്ങനെ പറഞ്ഞു വിഷമിപ്പിക്കില്ല''. എവിടെ നിന്നോ ഒരിളം കാറ്റ് ടെസ്സയെ തലോടി.

നിർമ്മലമായ സ്നേഹത്താൽ
നേടാനാവാത്തതായി ഒന്നുമില്ല.
(മഹാത്മാഗാന്ധി)

# മലയാളിയും മലയാളവും

മരിയ ജോസ് VIII

മലയാളമെന്നതെൻ മാതൃഭാഷ
എഴുത്തച്ഛൻ ഓതിയ അതേ ഭാഷ
കുഞ്ചൻ തൻ വിമർശന ഭാഷ
കടമനിട്ട തൻ വിപ്ലവ ഭാഷ
വിശേഷങ്ങൾ അനവധിയെങ്കിലും
മലയാളിമനസ്സിൽ അഭിമാനം പേറിയ
അതേ ഭാഷയെ നമ്മുടെ പുരോഗതി
പുച്ഛിച്ചീടുന്നു
സായിപ്പും മദാമയും പിന്നവരുടെ
അൽസേഷിയൻ പട്ടിയും
കുരയ്ക്കുന്ന ഭാഷ മാത്രമേ മലയാളിക്ക് ക്ലിക്കു
പെട്ടിക്കടകൾ കണ്ടു മടുത്തു
മലയാളിയ്ക്ക് മാളു മതിയേ
സായിപ്പന്മാർ ഉല്ലസിക്കാൻ നഗരം
വിട്ടിവിടെത്തുമ്പോൾ നാമെല്ലാം
സ്വർഗ്ഗം വിട്ടുല്ലസിക്കാൻ അവിടെത്തുന്നു
ഇതെല്ലാമാണ് നവമലയാളി
പുരോഗതിയുടെ പുന:സൃഷ്ടി...

# കണ്ണീർപ്പൂവ്

അപർണ ബാബു X A



അപ്പോഴും തണുത്ത കാറ്റ് വീശികൊണ്ടിരുന്നു. വിദ്യാലയത്തിൽ നിന്ന് വീട്ടിലേക്ക് നടക്കുമ്പോഴും മനസ്സ് നിറയെ അച്ഛനും കലോത്സവവും ആയിരുന്നു.ഇനി അധികനാളുകളില്ല ആതിരക്ക്ജില്ലാകലോത്സവത്തിനായിപോകുവാൻ. കഥകളി-യാണ് ചെയ്യുന്നത്. തൻെറ അച്ഛൻെറ ആഗ്രഹമാണ് തന്നിലൂടെ നിറവേറാൻ പോകുന്നത് എന്നവൾക്ക് തോന്നി.അമ്മ അവളെ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ വിട്ടുപിരിഞ്ഞു. അന്നും അവളോട് അമ്മ ഒന്നേ പറഞ്ഞുള്ളൂ "അച്ഛൻെറ ആഗ്രഹങ്ങളെല്ലാം നിറവേറുന്ന പൊന്നോമനയായി വളരണം നീ.."ആ വാക്കുകൾ ആതിരയുടെ കാതിൽ നിരന്തരം മന്ത്രിച്ചുകൊണ്ടിരുന്നു

പിറ്റേന്ന് പ്രഭാതം. പൂവാംകുരുനിര പൂത്തുന്ന ആ മൺപാതയിലവൾ

വിദ്യാലയത്തിലേക്ക് നടന്നു. പത്താം തരത്തിൽ പഠിക്കുന്ന ആതിരയെ എല്ലാവർക്കും ഇഷ്ടമായിരുന്നു. പഠിക്കുന്ന കുട്ടിയായിരുന്നു അവൾ. ഒരു ദിവസം ക്ലാസ്സിൽ പഠനം നടന്നുകൊണ്ടിരുന്നപ്പോൾ ടീച്ചർ വന്ന് അവളോട് പ്രധാനധ്യാപിക വിളിക്കുന്നു, അതിനാൽ ചെല്ലാനായി പറഞ്ഞു. അവിടെ അവളുടെ ക്ലാസ്സ്ടീച്ചർ സുനിതടീച്ചറുമുണ്ടായിരുന്നു. ടീച്ചർ പറഞ്ഞു "മോൾ പത്തിലല്ലേ.. നീ തളരരുത്. നന്നായി പഠിക്കണം.അച്ഛന്റെ ആഗ്രഹം നിറവേറ്റണം അച്ഛന് ഒന്ന് തല ചുററി. ആശുപത്രിയിലാണ് ഇപ്പോൾ കുഴപ്പമോന്നുമില്ല. പെട്ടെന്ന് അവളുടെ മനസ്സിലൂടെ ഒരു മിന്നൽ പാഞ്ഞ് പോയി . ഒരു നിമിഷം ഒരുവാക്കു പോലും പറയാതെ അവൾ ഓഫീസ് മുറിയുടെ ജനലഴികളിൽ പിടിച്ചു നിന്നു. അച്ഛന്റെ ആഗ്രഹങ്ങളും അമ്മയുടെ വാക്കുകളും അവളുടെ മനസ്സിൽക്കൂടികടന്നുപോയി. ടീച്ചർ അവളെ ആശ്വസിപ്പിച്ചു. അവളോടായി പറഞ്ഞു നാളെ കഴിഞ്ഞാൽ കലോൽത്സവം തുടങ്ങുകയായി പത്താം ക്ലാസ്സിലാണെന്ന് മറക്കേണ്ട അച്ഛന്റെ ആഗ്രഹങ്ങൾ നിന്നിലൂടെവേണം നിറവേറാൻ ആ വാക്കുകൾ അവൾക്ക് പ്രചോദനമായി.അവൾ നന്നായി പ്രാക്ടീസ് ചെയ്തു.

അങ്ങനെ ആ ദിനം വന്നെത്തി.ആശുപത്രിയിൽ നിന്നും അച്ഛൻ ആതിരയുടെ കളി കാണാനെത്തുമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ചെസ്സ്നമ്പർ കുത്തി അവൾ കളിക്കാൻ തയാറായി നിന്നു.'ചെസ് നമ്പർ 111 ആതിര കെ.എസ്.'സ്വന്തം ചെസ്സ്നമ്പർ വിളിച്ചതുകേട്ട അവൾ വേദിയെ തൊട്ടുവണങ്ങി കളി ആരംഭിച്ചു. മുഖത്ത് ഭാവങ്ങൾ മാറി മാറി വരുമ്പോഴും കണ്ണുകൾ ഗ്യാലറിയിൽ പരതി നടന്നു. കളി കഴിഞ്ഞ് വേദിയിൽ നിന്നിറങ്ങിയ അവൾ തീരുമാനിച്ചു.സബ് ജില്ലാ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ തനിക്ക് ജില്ലയിലും ഒന്നാം സ്ഥാനം നേടാനാകുമെന്ന് അവൾ വിശ്വസിച്ചു.ഒട്ടും താമസിയാതെ തന്നെ റിസൾട്ട് വന്നു.ഫസ്റ്റ് ആതിര കെ. എസ് ചെസ് നമ്പർ 111.അവൾക്ക്

സന്തോഷം അടക്കി വെയ്ക്കാനായില്ല.വേദിയിൽ നിന്ന് സർട്ടിഫിക്കറ്റും

മെഡലും ട്രോഫിയും ഏറ്റുവാങ്ങി. വിദ്യാലയ മുറ്റത്തേക്കിറങ്ങിയപ്പോൾ അവളെ കൊണ്ടുപോകാനായി ഒരു വാൻ അവിടെ എത്തിയിരുന്നു.അവൾ വീട്ടിൽ ചെന്നു.വീടിനു മുമ്പിൽഒരു നീലപടുത വലിച്ച് കെട്ടിയിരുന്നു.മുറ്റത്താകെ ആൾക്കൂട്ടം.അവൾ വീടു ലക്ഷ്യം വച്ചുനടന്നു.അവളുടെ അങ്കിൾ വന്ന് അവളോടായി പറഞ്ഞു."മോളെ അച്ഛൻ, അച്ഛൻ നമ്മളെ വിട്ടുപോയി. എന്തുചെയ്യണമെന്നറിയാതെ അവൾ നിശ്ചലമായി നിന്നുപോയി. അവൾ അച്ഛൻെറ മൃതദേഹത്തിനരികിലേക്ക് ഓടി. സർട്ടിഫിക്കറ്റും മെഡലും ട്രോഫിയും അച്ഛൻെറ മൃതദേഹത്തിനരികിൽ വച്ച് അവൾ വിതുമ്പി;"അച്ഛാ അച്ഛനായി ഞാൻ സമ്മാനം വാങ്ങിയപ്പോൾ അച്ഛനെന്നിൽ നിന്നകന്നു പോയല്ലോ."അവിടെവേറൊരുസത്യംഒളിഞ്ഞിരിപ്പുണ്ടായിരുന്നു.

അവളുടെ അമ്മ മരിച്ചുകഴിഞ്ഞ് അഞ്ചാം വർഷം തികയുന്ന അന്ന് അച്ഛനും മരിച്ചുകഴിഞ്ഞിരുന്നു. ആ ആൾക്കൂട്ടത്തിനിടയിൽ നിന്ന് തൻെറ അങ്കിൾ പറയുന്നത് അവൾ കേട്ടു. അച്ഛൻെറ മൃതദേഹത്തെ കെട്ടിപ്പിടിച്ച് അവൾ ഏങ്ങലടിച്ചു കൊണ്ടിരുന്നു.അപ്പോഴും തണുത്ത കാറ്റ് വീശികൊണ്ടിരുന്നു.

# കൂട്ടിലെ തത്ത

അഖില സജി - VI A



ഒരിടത്ത് ഒരു കൈനോട്ടക്കാരൻ ഉണ്ടായിരുന്നു. അയാളുടെ കയ്യിലെ കൂട്ടിൽ എപ്പോഴും ഒരു തത്തയുണ്ടായിരുന്നു. പാവം തത്ത. കൈനോട്ടക്കാരൻ ഓരോരുത്തരുടെയും അടുത്തുചെന്ന് തത്തമ്മയെ കൂട്ടിൽ നിന്ന് ഇറക്കി ചീട്ട് എടുപ്പിച്ച് അവരുടെ ഭാവി കാര്യങ്ങളും ഭൂതകാലങ്ങളും പറയും. കൈ നിറയെ കാശും വാങ്ങും. ഇതുകണ്ട പാവം തത്തമ്മ കൂട്ടിലിരിക്കും. എപ്പോഴെങ്കിലും ഭക്ഷണം കിട്ടിയാലായ ഒരിക്കൽ കൈനോട്ടകാരൻെറ വീടിനടുത്ത് അമ്പലത്തിൽ ഉത്സവംത്തിന് ഒരിടത്ത് ഇരിപ്പുറപ്പിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ കൈ നോക്കി ഫലം നോക്കാൻ ആളുകൂടി. തിരക്കിനിടയിൽ തത്തമ്മയ്ക്ക് ഭക്ഷണം കൊടുക്കാൻ മറന്നു. ആ തത്തമ്മ ചത്തുപോയിരുന്നു. അയാൾ തിരക്കു കഴിഞ്ഞ് വീട്ടിലേയ്ക്ക് പോകും വഴി ഒരാൾ കൈനോട്ടകാരനെ കൈ നോക്കാൻ വിളിച്ചു. കൈനോട്ടക്കാരൻ കൈനോക്കാൻ വന്നയാളുടെ കൈനോക്കാൻ തുടങ്ങിയപ്പോൾ ആണ് തത്തമ്മ ചത്തു എന്ന് അറിഞ്ഞത്. ആ തത്തചത്തതോടെ അയാളുടെ കഞ്ഞികുടി മുട്ടി. പൈസായോടുള്ള അത്യാഗ്രഹം ആണ് തത്തമ്മ ചത്തുപോകാൻ കാരണം എന്ന് അയാൾക്ക് മനസ്സിലായി.

# ജനനി

അക്ഷര സജി X A



നാവിനു മധുരം അമ്മയെന്ന രണ്ടക്ഷരം
താങ്ങായ് തണലായ് കൂടെയെന്നും
ജനനീ നീമാത്രം എന്നുമുണ്ട്
ഭൂമിയിൽ ജനിച്ച നിമിഷം മുതൽ
കാണുന്നതും നിന്നെയല്ലയോ

അമ്മയെന്ന പേരാണ് നാവിനു മധുരംവും
കാതിനിമ്പവും
ഹൃദയത്തിൽ അലതല്ലും സ്നേഹമാണമ്മ
കനിയുന്ന സ്നേഹത്തിൽ തെറ്റുകൾ അലിയിച്ച
മനസ്സിന്റെ വിങ്ങലാണമ്മ
പ്രകൃതിയാണമ്മ, ഭാഷയാണമ്മ
അറിവിന്റെ അഗ്നിയാണമ്മ

ആദ്യമായ് നാവിലേക്കോടിയെത്തുന്ന
മധുരസ്വരണയാണമ്മ
അമ്മേ നീയെത്ര ശ്രേഷ്ഠയാണ്
അന്ധകാരത്തിൽ മൃദുലവിരലുകളാൽ
തലോടി വിണ്ണിലെ താരയിൽ
മൂടിവെയ്ക്കുന്ന പ്രകൃതീശ്വരീ നിന്നേ നമിക്കുന്നു ഞാൻ

ഓരോ മൊഴിയിലും മക്കളെ പുണരുന്ന
അമ്മേ നിന്നേ നമിക്കുന്നു ഞാൻ
ജനനീ ജനതയുടെ ശ്രീയാണു നീ
ധാത്രീ നിന്നേ നമിക്കുന്നു ഞാൻ...

# പനിനീർപ്പൂവ്

ആര്യാ രാമകൃഷ്ണൻ - VIII C

പച്ചിലകളാൽ തൻമുഖം മൂടി
കൊച്ചുമൊട്ടായി  നിന്നിരുന്നു നീ
മുള്ളുട്ടുപ്പിട്ടു കൊച്ചുകുഞ്ഞുങ്ങളേ
ഭീതിയിലാഴ്ത്തി നീ
പച്ചിലകൾ മാറ്റി ഇതളുകൾ വിടർത്തി
സുന്ദരിയായ് പുഞ്ചിരി പൊഴിച്ച്
ഭൂമിയ്ക്ക് കുളിർമയേകി നീ
സൂര്യരശ്മി വിരുന്നിനു വന്നു
പേരുചൊല്ലി വിളിച്ചതു കൊണ്ടാവാം
നീയുണർന്നീ പ്രപഞ്ചത്തിനേകി
നിന്നിലുള്ള സുഗന്ധം മുഴുവനും
വന്നു ചോദിച്ച് ശലഭങ്ങൾക്കെല്ലാം
നീ നൽകി തേനും പൊടിയും
വാടിവീണുകിടന്നവസാനം
വാടിയിലൊരു സായന്തനത്തിൽ.



# അമ്മ

മേരി മോൾ ജോസഫ് - XA



അമ്മയാണെൻ ജീവിതാനന്ദം
അമ്മയെന്നുമെൻ സർവശക്തി
എൻെറ ജീവിതം പുണ്യമായ്ത്തീർ-
ത്തെന്നെമ്മമനസ്സേ ആദരം

ഉള്ളിൽ എന്നും സ്നേഹം വിടരുവാൻ
അമ്മതൻ കരസ്പർശം മതിയെ-
നിക്കിന്നീ ചുടുസ്പർശനത്തിന്നാ-
ഴയമാം പുത്തനുണർവ്വും

ജീവൻെറ താളമാണെനിക്കമ്മ
അമ്മതൻ രണ്ടക്ഷരത്തിൻ താളമാണെ-
നിക്കമ്മചുവടുകൾ വച്ചീടുന്നീമാർഗ-
ങ്ങളിലൂടെ ചുവടുവച്ചീടുന്നു

ദൈവംതന്ന പുണ്യസമ്പത്തിനാദരം
നല്കീയിടാം ജീവിതംമുഴുവൻ
ആദരം അമ്മയാ
മനസ്സിൻ മിഴിവിലാനന്ദം

ഈ ഭൂമിയിൽ പിറന്നുവീണകാലമതെന്നു
മോർക്കേണമെന്നമ്മയായെന്നും
ഈശ്വരസൃഷ്ടി അമ്മ മഹത് സൃഷ്ടി
യായിമാറീടുന്നു ധരണിയിൽ നിത്യം

അമ്മയെന്നുടെ ഒരു ചിത്രശലഭമായ്
പറന്നിടണമെന്നാഗ്രഹം
നീളുന്ന ഈ യാത്രയിൽ
എനിക്കുകൂട്ടായ് വന്നേയെന്നമ്മ

കാൽകളിൽ സ്പർശമായ് വണങ്ങിടാം
ആ മഹാത്മാവാം ജനനിയമ്മ
മധുരമാം വികാരങ്ങളുതിർക്കുന്നു
സ്നേഹമാം ആത്മീയസമ്പത്തമ്മ

എൻെറ കൈകൾതൻ അവേശ
തുടിപ്പാണെൻ ,അമ്മമനസ്സ്
നീറുന്ന മനസ്സിൻെ വാക്കിന്റെ
താളങ്ങളിൽ അമ്മ സംഗീതമായ്

ഉണരുന്ന പുലരിതൻ ദിവ്യപ്രഭചൂടും
പുതുവികാരങ്ങളാൽ നിറയും
ജീവിതം സുന്ദരം അമ്മയാൽ സുന്ദരം
മാതാവിന്നാലെ പുണ്യമായ്.

# പൊന്മുട്ടയിടുന്ന താറാവ്

ഗോപിക ജെയ്സോൻ VC



ഒരിടത്തൊരിടത്ത് പൊന്മുട്ടയിടുന്ന ഒരു താറാവുണ്ടായിരുന്നു അതിനൊരു ഉടമസ്ഥൻ ധനികനായൊരു കൃഷിക്കാരനുമുണ്ടായിരുന്നു. ആ സുന്ദരിയായ പൊന്മുട്ടയിടുന്ന താറാവിൻെറ മുട്ട കൃഷിക്കാരൻ എന്നും ചന്തയിൽ കൊടുക്കുമായിരുന്നു. അയാളുടെ അതിയായ ആഗ്രഹം മൂലം ഒരു ദിവസം ആരും അറിയാതെ ഭാര്യ പോലും അറിയാതെ ഒരു മുറിയിൽ കയറി താറാവിനെ മേശയിൽ വെച്ച് അതിന്റെ വയറ് മുറിച്ചു. എന്നാൽ അതിന്റെ വയറ്റിൽ ഒന്നുമില്ലായിരുന്നു. ആ ധനികൻ ഒരുപാട് വിഷമിച്ചു. ആരുടെ ആയാലും മനുഷ്യന്റെ അത്യാഗ്രഹം ആപത്താണ്.



# തേൻ മധുരം

മരിയ സാബു



ഒരിടത്ത് ടിറ്റു എന്ന പേരുള്ള തേനീച്ചയുണ്ടായിരുന്നു. ആ തേനീച്ചയ്ക്ക് തേൻ ഇഷ്ടമില്ലായിരുന്നു. കാരണം, പണ്ട് അവന്റെ അച്ഛനമ്മമാർ തേൻനുകരാൻ പോയത് ഒരു പൂവിന്റെ അടുത്തേക്കായിരുന്നു.ആ പൂവിന് മാന്ത്രിക ശക്തി ഉണ്ടായിരുന്നു.ആ പൂവിനെ ഒന്നു സ്പർശിച്ചാൽ ആ പൂവ് അടയുകയും അവരെ കൊന്നുകളയുകയും ചെയ്യും. അതോടെ അവൻ തേൻകുടിക്കാൻ വിസമ്മതിച്ചു.അവന്റെ മുത്തച്ഛനും മുത്തശിക്കും സഹോദരങ്ങൾക്കും സങ്കടമായി. അവർ നാളുകളായി അവൻ തേൻകുടിച്ച് കണ്ടിട്ട്.അവന്റെ കൂട്ടുകാർ ചോദിച്ചു: "പിന്നെ നീ കുടിക്കുന്നത് വെള്ളമാണോ" അവൻ മറുപടി പറഞ്ഞു: "അതെ..വെള്ളം..?"

കൂട്ടുകാർ അമ്പരുന്നുപോയി. "ഇത്രയും നാളും ഞങ്ങൾ ഉണ്ടായിരുന്നല്ലോ.നീ എന്താ പറയാതിരുന്നത്. ശരി തർക്കം വേണ്ട വീട്ടിൽ പോകാം."

പിറ്റേദിവസം രാവിലെ അവർ ഉണർന്നപ്പോൾ അവന് കഠിനമായ പനി.മുത്തച്ഛൻ വന്നപ്പോൾ അവൻ വിറച്ചുകിടക്കുന്നു. മുത്തച്ഛൻ ആലോചിച്ചു:'തേനീച്ച വൈദ്യനെ അറിയിക്കാം.'

വൈദ്യൻ നാലുദിവസം കൊണ്ട് പനിമാറ്റി.

എന്നിട്ട് മുത്തച്ഛനോട് പറഞ്ഞു: "പനി വന്നത് വെള്ളം കുടിച്ചിട്ടാണ്. ഈ പൊടി കൊടുക്കൂ. ഇനി തേൻ കുടിക്കണം."

അങ്ങനെ അവൻ തേൻ നുകർന്നു. തേൻ മധുരം..

# വിദ്യാലയം

അന്ന ജോസഫ്  VIII



അറിവിൻെറ അലകൾ
അടിച്ചുയരുന്ന കടലാണ്
എൻെറ വിദ്യാലയം...
അതിലെ ഓരോ മണൽ-
ത്തരികളും അറിവിൻെറ
അംശം നിറഞ്ഞതും....
ഗുരുവാക്യം ദൈവത്തിൻെറ
മന്ദിരമാണ്, മാളികയാണ്
എൻെറ വിദ്യാലയം...
ദൈവവരം പ്രാപിക്കാൻ
കാത്തിരിക്കുന്ന ചെറുകി-
ളികളാണ് നാം...
ഒരു മുറിക്കുള്ളിലെ വിസ്മയ-
മാണെൻെറ ക്ലാസ് മുറി
വിദ്യാസമ്പന്നരാകുവാനായ്
നാം ചൊല്ലേണ്ട മന്ത്രങ്ങൾ
ചൊല്ലിത്തരുന്നവർ ഇവരോ

കാത്തിരിക്കാൻ കഴിയില്ല.
എനിക്കതിൻ മധുരം
നുകരാൻ കൊതിയായ്.
സ്വപ്നച്ചിറകുകൾ അടിച്ചടി-
ച്ചുയർന്ന് ഞാനവിടെ
ചെന്നെത്തും ഇന്ന്...

പകർന്നുകൊടുക്കുന്തോറും
വർദ്ധിക്കുന്ന  ധനമാണ്
വിദ്യ എന്ന് അറിയുക.
വിദ്യയും വിവേകവും കൂടി-
ച്ചേർന്നെന്നുടെ ജീവിതമോ
ആനന്ദ നിർവൃതിയാടുന്നു...

# അതിമോഹം ആപത്ത്


shutterstock
www.shutterstock.com • 1125145523

അലക്സ മാനുവൽ- VIIIB

ഒരിക്കൽ കാക്കയ്ക്ക് തോന്നി തന്നെ കാണുവാൻ ഒരു ഭംഗിയുമില്ലെന്ന്. 'ആ കൊക്കിൻെറ ശരീരം കണ്ടില്ലെ...എന്തൊരു വെളുപ്പാണ്!!!' അപ്പോഴാണ് കാക്കയ്ക്ക് ഒരു ബുദ്ധി തോന്നിയത്. ആ പാൽ കച്ചവടക്കാരൻെറ പാലിൽ ഒന്ന് മുങ്ങി കുളിച്ചേക്കാം. അപ്പോഴാണ് പാൽ കച്ചവടക്കാരൻ അവിടെ നിന്ന് ഓടി വന്നത്. അയാൾ ഒരു കല്ല് പെറുക്കി കാക്കയ്ക്കിട്ട് എറിഞ്ഞു. കാക്ക അവിടെനിന്ന് സ്ഥലം വിട്ടു. അങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് കുറെ അരയന്നങ്ങൾ അവിടെ വന്നത്. കാക്ക തൻെറ വിഷമം അവരോടു പറഞ്ഞു. അവർ പറഞ്ഞു:

"ഹിമാലയത്തിൻെറ നെറുകയിൽ മാനസസരസ് എന്നൊരു തടാകമുണ്ട് അതിൽ മുങ്ങികുളിച്ചാൽ നീയും ഞങ്ങളെപോലെ വെളുക്കും.”

കാക്ക ചിന്തിച്ചു: 'എവിടെയാണെങ്കിലും വേണ്ടില്ല.. ഒന്നു വെളുത്താൽ മതി.'

അങ്ങനെ കാക്ക യാത്ര തുടങ്ങി. വഴിയിൽ കാക്ക വിശന്നു പൊരിഞ്ഞു. അല്പം വെള്ളം കിട്ടാൻ കാക്ക കൊതിച്ചു. അങ്ങനെ കാക്ക തളർന്നു വീണു. കാക്ക ചിന്തിച്ചു. ഒരു കാക്കയായിരിന്നിട്ട് തനിക്കെന്ത് കുറവാണുണ്ടായത്. പിന്നെ ഞാനെന്തിന് കൊക്കാകാൻ
വ്യാമോഹിച്ചു???

അപ്പോൾ കാക്കക്ക് മനസ്സിലായി, അതിമോഹം ആപത്താണെന്ന്...


shutterstock
www.shutterstock.com • 1173165901

# കുഞ്ഞേടത്തിയും ഉണ്ണിയും

ആദിത്യ അനീഷ് - V C



# മഴ

ജോൽസനാ ജോസ് – X A

എനിക്കേറെയിഷ്ടമാണ്
മഴ മനസ്സിനെകുളിർപ്പിക്കുന്നു
മഴ അവൾ മനോഹരിയാണ്
ശ്രേഷ്ഠയാണ് അവൾ...

കൊട്ടുംവേനലിൽ പൊള്ളിടുമ്പോൾ
ഒരു കുളിരായി അവൾ ഓടിയെത്തും
ജീവൻെറ തുടിപ്പിനായി ഒരു തുള്ളി
ആശിക്കുമ്പോൾ സ്നേഹസ്പ-
ർശമായി അവൾ പെയ്തിറങ്ങും...

സ്നേഹസുഗന്ധിയാം മഴ
ജീവാമൃതമാം മഴ
ജീവൽസ്പർശിയാം മഴ
ആനന്ദമാണ് ആ മഴ
അമ്മയാം മഴ...

തുളൽമഴ, ചാറ്റൽമഴ, പെരുംമഴ
കുളിർത്തെന്നലായ് അവൾ
പല വേഷങ്ങളിൽ
മാതൃത്വത്തിൻെറ തലോടലാണ് അവൾ
അമൂല്യമാണ് അവൾ...

അവളെ ഒന്നു ശ്രദ്ധിച്ചു നോക്കൂ.....
കേൾക്കും പല വിധ ശബ്ദങ്ങൾ
അനുസ്മരിക്കും പഴയ കാലങ്ങളെ
കാണും പലപല ചിത്രങ്ങൾ
അവൾ ഇപ്പോഴും പെയ്തുകൊണ്ടിരിക്കുകയാണ്...
ചിരിക്കുമ്പോൾ ആനന്ദതോണിയിലേറി

അവൾ വരും
മഴയത്തൊന്നിറങ്ങി കളിക്കു
സങ്കടങ്ങളെ ദൃശ്യമാകുന്ന കണ്ണീർ
പോലും അദൃശ്യയാകും
മഴയത്തിറങ്ങിയാൽ...

ഒരു ദിനം പിണങ്ങി ഞാനവ-
ളോട് എന്നെന്നോ,
ജീവനെയും ജീവനാം എല്ലാ-
ത്തിനെയും കൊണ്ടുപോകാനായി
അവൾ കൊട്ടും പ്രളയമായി എത്തിയപ്പോൾ...



# സ്നേഹ സമ്മാനം

അലീന ബെന്നി    IX



ഒരിടത്ത് ഒരിടത്ത് ലില്ലി എന്നു പേരുള്ള  ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവൾ തീർത്തും  ദരിദ്ര കുടുംബമായിരുന്നു. ലില്ലിക്ക്  ഇടാനാണങ്കിൽ രണ്ട്  ഉടുപ്പ് മാത്രമേ  ഉണ്ടായിരുന്നുള്ളു. അതാണെങ്കിൽ  കീറിയതിനാൽ  തുന്നി കെട്ടിയത്. ലില്ലിയുടെ  അച്ഛൻ കൂലിപ്പണിക്കാരനായിരുന്നു.

ലില്ലിയുടെ ക്ലാസ്സിലെ കുട്ടികൾ പിറന്നാളിന് പുത്തൻ ഉടുപ്പ് ഇടുമായിരുന്നു. അതിൻെറ ഭംഗി അവൾ ആസ്വദിക്കുമായിരുന്നു. സ്കൂൾ തുറക്കുന്ന ദിവസം എവിടെയും പുത്തൻ മണം മാത്രം. ലില്ലി മാത്രം തുന്നിക്കെട്ടിയ ഉടുപ്പ് ഇടുന്നത് കണ്ട് കുട്ടികൾ കളിയാക്കുമായിരുന്നു. ലില്ലി ഒന്നും മിണ്ടില്ല. ചിലപ്പോൾ സങ്കടം സഹിക്കാനാവാതെ മാറി നിന്ന് കരയും.

അങ്ങനെ ഒരു ദിവസം ലില്ലിയുടെ സ്കൂളിൽ വച്ച് പ്രച്ഛന്ന വേഷ മത്സരം നടത്താൻ തീരുമാനിച്ചു. അതിൽ പങ്കെടുക്കണമെന്ന് ലില്ലിക്ക് അതിയായ മോഹമുണ്ടായി. പക്ഷേ എന്തു ചെയ്യാൻ? അവൾക്ക് ഒരു നല്ല ഉടുപ്പ് പോലും ഇല്ലല്ലോ? അവൾക്ക് ഒരു നല്ല കൂട്ടുകാരിയുണ്ടായിരുന്നു; പിങ്കി. അവൾ ഇതെല്ലാം കണ്ട് ദു:ഖിച്ചിരിക്കും. ചിലപ്പോൾ ലില്ലിയെ സമാധാനപ്പെടുത്തും.ഒരിക്കൽ പിങ്കി ലില്ലിയുടെ അടുത്ത് വന്നിരുന്നു ചോദിച്ചു.

"നിനക്ക് ഈ മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യം ഉണ്ടോ?”

ഇതു കേട്ട് ലില്ലി തല കുലുക്കി. പിങ്കി പറഞ്ഞു:

''എങ്കിൽ നീ പേര് കൊടുക്ക്.''

ഇതു കേട്ട് ലില്ലി പറഞ്ഞു:

''പിങ്കീ,എനിക്ക് ഒരു നല്ല ഉടുപ്പു പോലുമില്ല. പിന്നെയെങ്ങനെയാ?" അതിനൊക്കെ വഴിയുണ്ട്. പിങ്കി ലില്ലിയെ ആശ്വസിപ്പിച്ചു. ലില്ലി പേരു കൊടുത്തു. ഇതു കേട്ട് ക്ലാസ്സിൽ കൂട്ടചിരി മുഴങ്ങി. ലില്ലി കരഞ്ഞു പോയി. അടുത്തദിവസം ലില്ലി ഉറക്കമുണർന്ന് മുറ്റത്തേയ്ക്ക് ഇറങ്ങി. അവൾ ഒരു സമ്മാനപ്പൊതി കണ്ടു. അതിൽ അതി മനോഹരമായ കൈയ്യക്ഷരത്തിൽ 'സ്വന്തം പിങ്കി' എന്ന് എഴുതിയിരിക്കുന്നത് അവൾ കണ്ടു. അവൾ ആ സമ്മാനപ്പൊതി തുറന്നു. അതിൽ മനോഹരമായ രണ്ടു പുത്തൻ ഉടുപ്പുകൾ കണ്ടു. അവൾ സന്തോഷം കൊണ്ടു തുള്ളിച്ചാടി. അവൾ ആ ഉടുപ്പും

ഇട്ടു കൊണ്ട് സദസ്സിൽ കയറി. കൈയ്യടി ഉയർന്നു. പിങ്കിയുടെ സമ്മാനപ്പൊതിയിൽ ഉണ്ടായിരുന്ന പൊട്ടും വളയും കൂടി അണിഞ്ഞാണ് ലില്ലി സദസ്സിൽ കയറിയത്. ലില്ലിയുടെ കൂട്ടുകാരെല്ലാം വിസ്മയിച്ചു പോയി.ഒടുവിൽ ഫലം പ്രഖ്യാപിച്ചു. ഒന്നാം സമ്മാനം ലില്ലിക്ക്. ഒന്നാം സമ്മാനം എന്തെന്നോ?ഒരു ബാഗും കുടയും.അവൾ സന്തോഷം കൊണ്ട് കരഞ്ഞു പോയി. പിങ്കിയുടെ കണ്ണും ഈറനണിഞ്ഞു.മറുപടി പ്രസംഗത്തിനായി ലില്ലിയെ ക്ഷണിച്ചു. അവൾ ഒന്നു മാത്രം പറഞ്ഞു: ''പിങ്കിയ്ക്കു നന്ദി...''

ഇതുകേട്ട് എല്ലാവർക്കും കാര്യം മനസ്സിലായി. എല്ലാവരും പിങ്കിയെ അഭിനന്ദിച്ചു. അദ്ധ്യാപകർ സമ്മാനം നൽകുകയും ചെയ്തു.

# അക്ഷരം

അന്ന ബെന്നി - X C



സ്കൂളാകുന്നരക്ഷരമുറ്റത്തെന്നമ്മ
കൊണ്ടന്ന വിട്ടു
വിരിയുന്ന മുല്ലമൊട്ടുകളാൽ എന്നുള്ളം
ളുകീടുന്ന പ്രകാശം

അക്ഷരമാലകൾ കൊർത്തിണക്കി
ഞാൻ ഓതിതുടങ്ങിയല്ലോ
അമ്മിഞ്ഞപ്പാൽ അലിയുന്ന
സ്നേഹമാണെൻറ അക്ഷരങ്ങൾ

പുസ്തകാമാവുന്ന കൂട്ടുകാരെത്ത്
കളിച്ചുല്ലസിക്കവിൻ
അവരെ സ്നേഹിച്ചു കൊള്ളീടുവിനെന്ന
സ്നേഹത്തിൽ സാന്ത്വനം ളുകീടുന്ന
ഞാനാകുന്ന സ്വപ്നങ്ങൾ


നന്മകൾ തിന്മകൾ തിരിച്ചറിയാനും
വിജ്ഞാന കേന്ദ്രമിരിക്കുന്ന
പുസ്തകമാവുന്ന കൂട്ടുകാരൊത്ത് കൂട്ടുകൂടുവിൻ
അവരെ സ്നേഹിച്ചു കൊള്ളിടുവിൻ

കാതിൽ ഒരു കഥ ചൊല്ലിടുന്ന
ദു:ഖത്തിൽ സാന്ത്വനമാകുന്ന
സ്നേഹത്തിൻ വാതിൽ നീട്ടിടുന്ന
സന്തോഷത്തിൻ മഴയേകിടുന്ന

സ്നേഹത്തിൻ താഴ്വരയിൽ കുളിക്കുവിൻ
ഉയർന്നു പൊങ്ങിടുവിൻ
ലോകത്തിൻ സാന്ത്വനം നന്മകളാണെന്ന്
അറിഞ്ഞുകൊള്ളുക നാം...

# അണ്ണാൻ കുഞ്ഞും ആനമൂപ്പനും

അവനി ഷിബു




ഒരിടത്ത് ഒരു അണ്ണാൻ കുഞ്ഞും ആനമൂപ്പനും ഉണ്ടായിരുന്നു. അവർ ഉറ്റചങ്ങാതിമാരായിരുന്നു. പുലരിയിൽ ആനമൂപ്പൻ എഴുന്നേറ്റപ്പോൾ അണ്ണാരകണ്ണൻ മരച്ചില്ലയിൽ ചാടുകയായിരുന്നു. അണ്ണാരക്കണ്ണനും ആനമൂപ്പനും യാത്ര ചെയ്യാനുള്ള തയാറെടുപ്പിലായിരുന്നു. അവർ യാത്ര ചെയ്യാൻ തുടങ്ങി. ആനമൂപ്പൻ കുളത്തിൽ നിന്ന് തുമ്പിക്കയ്യിൽ വെള്ളം നിറച്ച് അണ്ണാരക്കണ്ണനെ കുളിപ്പിച്ചു. അതുപോലെ ആനയും കുളിച്ചു. അവർ യാത്ര തുടങ്ങി. ആനയുടെ മുകളിൽ അണ്ണാൻ ഇരുന്ന് യാത്ര ആരംഭിച്ചു. അവർ നടന്നുനടന്ന് ക്ഷീണിച്ചു. അണ്ണാനും ആനക്കും നല്ല ദാഹമുണ്ടായിരുന്നു. അവിടെ ദൂരെയുള്ള മലകളുടെ പുറകിൽ പുഴയുണ്ട്. ആ വെളുത്ത പുഴയിൽ നിന്ന് വെള്ളം കുടിക്കാമെന്ന് ആന പറഞ്ഞു. അണ്ണാരകണ്ണൻ പറഞ്ഞു:

"ആ ദൂരെയുള്ള മലയുടെ പുറകിലുള്ള എങ്ങനെ എത്തും നമ്മൾ..?" അവർ നടന്നുനടന്ന് പുഴയുടെ അരികിലെത്തി. ആന ആ വെള്ളത്തിൽ നിന്ന് നിറയെ വെള്ളം കുടിച്ചു. എന്നാൽ അണ്ണാരകണ്ണന് വെള്ളത്തിലിറങ്ങുവാൻ പേടിയായിരുന്നു. അണ്ണാരകണ്ണൻ ആനയോട് പറഞ്ഞു:"എനിക്ക് വെള്ളത്തിലിറങ്ങുവാൻ പേടിയാണ്."




അപ്പോൾ ആന തുമ്പിക്കൈയ്യിൽ വെള്ളം കോരി അണ്ണാരക്കണന് കോടുത്തു. അവർ നടന്ന് കാട്ടിൽ ചെന്നു. അവിടെ അണ്ണാരക്കണ്ണന് പേടിയായി. അവരെ മൃഗങ്ങൾ വലഞ്ഞു. അവർക്ക് പേടിയായി. അവർക്ക് വഴി തെറ്റി വന്നതാണെന്ന് അണ്ണാരക്കണ്ണൻ പറഞ്ഞു. മൃഗങ്ങളുടെ പുറകിൽ ഒരു കടുവ ഉണ്ടായിരുന്നു. അത് ബഹളം ഉണ്ടാക്കി. ആ സമയം ഇവർ രക്ഷപെട്ട് വീട്ടിൽ ചെന്നു. അവർക്ക് സന്തോഷം തോന്നി. ആ രാത്രി അവർ സന്തോഷത്തോടെ ഉറങ്ങി.

# സ്ത്രീ ഒരു അമൂല്യരത്നം

അനന്യ സോണി VIII C




“എവിടെയാണോ സ്ത്രീ ബഹുമാനിതയാകുന്നത് അവിടെ ദേവത കുടിയിരിക്കുന്നു".

ഇത് എത്രയോ അർത്ഥവത്തായ വചനമാണ്. സമൂഹത്തിലെ അനിഷേധ്യമായ ശക്തിയായി സ്ത്രീയെ ഭാരതീയർ കണ്ടിരുന്നു. സ്ത്രീയെ ഭാരത ചരിത്രത്തിൽ അരാധിക്കുന്നു. ഇതിന് എത്ര ഉദാഹരണങ്ങളുണ്ട്. പ്രകൃതിയേയും നദികളേയുമൊക്കെ സ്ത്രീകഥാപാത്രങ്ങളാണ് പുരാണങ്ങളിൽ പരാമർശിച്ചിരിക്കുന്നത്. ഗംഗാ, യമുന, ഗോദാവരി, സിന്ധു, കാവേരി ഈ നദികളൊക്കെയും തന്നെ സ്ത്രീദേവതമാരായിട്ടാണ്പുരാണങ്ങളിൽ അറിയപ്പെടുന്നത്. സ്ത്രീത്വ- ത്തിൻെറ മാതൃകയായി ജീവിച്ച സീതാദേവി, കരുണയുടേയും സ്നേഹത്തിൻെറയും വഴികളിലൂടെ സഞ്ചരിച്ച അൽഫോൻസാമ്മ, ഇങ്ങനെയെത്രയെത്ര ഉദാഹരണങ്ങൾ.


ധീരവനിതകളുടെ പട്ടികയിൽ ലോകം ആദരിക്കുന്ന ഒരു പേരുണ്ട്. അതെ, മലാല യൂസഫ് സായി. നമ്മളെപ്പോലെതന്നെ ഒരു വിദ്യാർത്ഥിനിയായിരുന്ന മലാല എങ്ങനെയാണ് ലോകം അറിയുന്ന മലാലയായത്? പാക്കിസ്ഥാനിൽ സ്ത്രീവിദ്യാഭ്യാസത്തിനായി പൊരുതി ജീവൻപോലും വെടിയാൻ തയ്യാറായ ഒരു ധീരയാണ് മലാല 'സ്ത്രീ അബലയല്ല' എന്ന കാഴ്ചപ്പാടിലേയ്ക്കാണ് ഇവയെല്ലാം നമ്മെ നയിക്കുന്നത്. വിദ്യാദ്യാസമേഖലയിലും കായികരംഗത്തുമൊക്കെ എത്രയോ വനിത താരങ്ങളെ നമ്മുക്ക് കണ്ടെത്തുവാൻ കഴിഞ്ഞു.

ഇത്രയൊക്കെ പുരോഗതിയുണ്ടായിട്ടും, സ്ത്രീശക്തീകരണത്തിന് നാം പ്രാധാന്യം നൽകിയിട്ടും ഇന്നും സ്ത്രീകൾക്ക്, അവർക്ക് വേണ്ട അവകാശം ലഭിക്കുന്നില്ല എന്നുള്ളത് ദുഃഖകരമാണ്. ഇനി സ് ത്രീകൾ തന്നെ മുന്നിട്ടിറങ്ങിയാലെ ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാവു- കയുള്ളൂ.

സ്ത്രീയെ അടിച്ചമർത്തുന്നവർ ഒന്നോർക്കുക ലോകത്തിന്റെ നിലനില്പ്പുതന്നെ സ്ത്രീത്വത്തിലാണ്.

# മറ്റൊരമ്മയും ഉണ്ണിയും

അനീറ്റ ബെന്നി



**ആറ്റിൻവക്കത്തെ  മാളികവീട്ടിൽ**

**ആറ്റുനോറ്റൊരു ഉണ്ണി പിറന്നു.**

**ഉണ്ണിക്കൈയ്യിലെക്കിങ്ങിണി  പൊന്നുകൊണ്ട്**

**ഉണ്ണിക്ക് കാതിൽ കുട കടുക്കൻ**

**പാപ്പം കൊടുക്കുന്നു, പാലുകൊടുക്കുന്നു**

**പാവകൊടുക്കുന്നു നങ്ങേലി.**

**കാച്ചിയ മോരൊഴിച്ചു കൊടുക്കുന്നു.**

**കാക്കേ പൂച്ചേപാട്ടുകൾ പാടീട്ട്**

**മാമം കൊടുക്കുന്നു  നങ്ങേലി.**

**താഴെവെച്ചാലുറുമ്പരിച്ചാലോ,**

**തങ്കക്കുടത്തിനെതാലോലം പാടീട്ടു**

**തങ്കക്കട്ടിലിൽപ്പട്ടുവിരിച്ചിട്ടു,**

**തണുപ്പ്തന്നെ  തട്ടിയുറക്കും**

**ചാഞ്ഞു മയങ്ങുന്ന നങ്ങേലി.**



# സുന്ദരിയായ രാജകുമാരി

**എസ്തേർ - V A**

സ്റ്റേട് സ്റ്റോൺ എന്ന രാജ്യത്തിലെ രാജാവായിരുന്നു സ്റ്റെഫാനോസ്. സ്റ്റെഫാനോസ് രാജാവിന് അതി സുന്ദരിയായ ഒരു മകളുണ്ടായിരുന്നു. അവളുടെ പേര് സ്റ്റെല്ല, കുഞ്ഞിലെമുതൽ തന്നെ സുന്ദരിയായിരുന്നു. പക്ഷേ, അവൾക്ക് കുറവുകളുണ്ടായിരുന്നു. ഒന്ന്,അവൾ എപ്പോഴും ദു:ഖിതയായിരുന്നു. രണ്ട്, അവൾക്ക് നല്ല വണ്ണമുണ്ടായിരുന്നു. അവൾ ദു:ഖിതായാവാൻ കാരണം ഈ വണ്ണമാണ്. കുഞ്ഞിലെ അവളുടെ അമ്മ അവളോട് പറഞ്ഞിരുന്നു, ഈ രാജ്യത്തിൻെറ അതിർത്തിയിലായി ഒരു ചെറിയ നാടുണ്ട് മഞ്ഞുനാട്. അവിടെയായി ഒരു വലിയ പൂമരമുണ്ട്. പൂമരത്തിലെ പൂക്കൾ കോർത്ത് മരത്തിൻെറ ചുറ്റും അഞ്ച് തവണചുറ്റി, മാല മരത്തിൻെറകൊമ്പിൽ ത്തൂക്കിയിട്ട് രണ്ട് ആഗ്രഹങ്ങൾ പറഞ്ഞാൽ അത് സാധിച്ചു കിട്ടുമെന്ന്.അവളുടെ അമ്മ ഒരു കപ്പൽ യാത്രയിൽ മരിച്ചു പോയി. സ്റ്റെലയ്ക്ക് വിവാഹപ്രായവും ആയികഴിഞ്ഞിരുന്നു." സ്റ്റെല്ലാ,

സ്റ്റെല്ലാ...മോളേ നീ എവിടെയാ?" തലയിൽ തുണിയൊക്കെയിട്ട് വെളുക്കുന്നതിന് മുമ്പായി റാന്തൽ വിളക്കുമായി തക്കം നോക്കി രാജ്യത്തിൻെറ അതിർത്തിയിലേയ്ക്ക് ഒരുങ്ങുക യായിരുന്നു സ്റ്റെല്ല. തൊഴി ആന്റി വന്ന് എല്ലാം കുളമാക്കി. 'ഇനി ഈ സമയത്തിറങ്ങാൻ പറ്റില്ല.' "മോളേ,മോളേ..." "അയ്യോ തൊഴി ആന്റി വരുന്നു." നമ്മുടെ കുട്ടിക്കുറുമ്പി സ്റ്റെല്ല ഒറ്റയടിക്ക് കിടക്കുന്നിടത്ത് വന്നു കിടന്നു. മൂടിപുതച്ച് കിടന്നു."ഹാ..നീയിവിടയായിരുന്നോ?ഹൊ...പേടിച്ചു..." പിറ്റേ ദിവസം ,തക്കം നോക്കി സ്റ്റെല്ല ഇറങ്ങി."മോളേ സ്റ്റെല്ല..." "ഞാനിവിടെയുണ്ടല്ലോ" പിറ്റേ ദിവസവും അവൾ തക്കം നോക്കി ഇറങ്ങി. "ഹോ.. ഇന്ന് ശല്യങ്ങൾ ഒന്നും ഇല്ല.""പ്രിൻസസ്" എന്നെ ഒന്നു സഹായിക്കുമോ?എൻെറ ബോൾ കൊട്ടരത്തിനകത്ത് പോയി ഒന്നെടുത്ത് തരാമോ? ഞങ്ങൾക്കൊന്നും ഇവിടെ കയറാൻ അനുവാദമില്ല.കുട്ടികളായതുകൊണ്ട്."എവിടെയാ പോയത്?""ഈ റൂമുകളിലെവിടെയോ?" സ്റ്റെല്ലാ എല്ലാ മുറിയും കേറിയിറങ്ങി ഒടുവിൽകണ്ടെത്തി."താങ്ക്യൂ."അതാസമയംപോയതറിഞ്ഞില്ല.രാവിലെ യായിരിക്കുന്നു.ഇനിഒരിക്കലുംഎൻെറവണ്ണംകുറയുകയില്ല.അവൾ പൊട്ടികരഞ്ഞു. പിറ്റേന്ന് ഒരു രാജകുമാരൻ വന്നു. എന്നിട്ട് രാജാവിനോട് പറഞ്ഞു. "എനിക്ക് നിങ്ങളുടെ മകളെ വിവാഹം കഴിക്കാനാഗ്രഹഹമുണ്ട്." "യ്യോ..........വേണ്ടാ........"രാജകുമാരാ അവൾ ജന്മനാ തടിയുള്ളവളാണ് അവളെ നിനക്ക് ഇഷ്ടപെടുകയില്ല. ഇല്ല അവളെ ഒരു നോക്കു കാണണം അവളുടെ മനസ്സ് എനിക്കറിയാം. പുറംമോടിയിലല്ല കാര്യം. പോയി അവളെ വിളിച്ചുകൊണ്ടു. വരൂ ശരി മോളെ എന്താ ഇതാ ഇതാണവൾ ഇനി പറ നിനക്കവളെ വേണോ? വേണം അങ്ങേയ്ക്ക് അറിയാമോ എന്റെ ചേച്ചിയാ ഇവളുടെ അമ്മ എന്റെ ചേച്ചിയാ അങ്ങയുടെ ഭാര്യ എന്തു ചെയ്യാം ചേച്ചി മരിച്ചു നിങ്ങളുടെ

കല്ല്യാണം കഴിയുമ്പോൾ ഞാൻ കുഞ്ഞാ ശരി വിവാഹം ഉടനെ ആരംഭിക്കും. ഇന്നൊരു ദിവസം ഇവർ ഒന്നിച്ച താമസിക്കട്ടെ അന്ന രാത്രി പൂമരത്തെ കുറിച്ച് രാജകുമാരി പറഞ്ഞു അവർ അപ്പോൾ ഇറങ്ങി അവിടെ ചെന്ന് ആഗ്രഹം പറഞ്ഞു എന്റെ തടി കുറയണേ ഞങ്ങൾക്ക് ഒന്നിച്ച് ജീവിക്കാൻ കഴിയണേ പെട്ടെന്ന് സ്റ്റെല്ല അതിസുന്ദരിയായിമാറി. അവർ സന്തോഷത്തോടെകൊട്ടരത്തിലേക്ക്നടന്നു. കൊട്ടാരത്തിൽ എത്തിയതും മംഗളങ്ങൾ അരംഭിക്കട്ടെ .......................

സ്റ്റീഫൻ രാജകുമാരൻ എഴുന്നള്ളട്ടെ...........................

# പപ്പടം



അനീറ്റ ജെയിംസ് VIIIC

പൊട്ടുപോലുള്ളൊരു വലിയ പപ്പടം
ഒട്ടിവച്ചതാരാണ് മേലെ
കൊതിയോടെ ചുറ്റും മിന്നിതിളങ്ങുന്ന
നക്ഷത്രകുഞ്ഞുങ്ങൾ തുള്ളുന്ന കണ്ടോ?
കൊത്തിപ്പറക്കാൻ പറവകൾ മേലെ
പാറിയടുക്കുന്ന ചേലുണ്ടോ?
തിന്നുകില്ലാരുംമാപപ്പടം മോടിക്കായ്
ആകാശത്തൊട്ടിച്ച് വച്ചതാണെ...

# ബാല്യകാലം

അലീന സെബാസ്റ്റ്യൻ VIIIC

എന്തു രസമാണീ ബാല്യം
കളിച്ച് നടന്നിരുന്ന
ആ കാലം ആ ബാല്യം
ബാല്യം എന്തുരസമീ ബാല്യം
കളിച്ച് രസിച്ച് നടന്നിരുന്ന
ആ കാലം...

പാടത്ത് പച്ചതത്തയെ
പിടിച്ച് നടന്നിരുന്ന ആ കാലം.
മാവേലും പുളിയേലും
കേറിനടന്നിരുന്ന ആ കാലം
എന്തു രസമാണീ ബാല്യം.

കൂട്ടുകാരുമൊത്ത് പഠിച്ചും കളിച്ചും
നടന്നിരുന്ന ആ ബാല്യം
ബാല്യകാലം മനോഹരം.
എന്നും ഓർക്കുന്നു
ഞാൻ എൻ ബാല്യം
നല്ല ഓർമ്മകൾ സമ്മാനിച്ച ഭാഗ്യകാലം
ആ നല്ല ബാല്യകാലം
എൻ കുട്ടിക്കാലം.



# വിദ്യാലയം

അനന്യ സോണി VIIIC

വിദ്യാലയം അത് വിദ്യതന്നാലയം.
അറിവിന്നുറവിടമാകുമൊരാലയം.
വിദ്യർത്ഥികൾതൻ സ്വന്തം ഗൃഹമത്
ആയിരം ആയിരം വിദ്യാർത്ഥികൾ തൻ
തറവാടാകും വിദ്യാലയം.
വിദ്യാധനം സർവധനാൽ പ്രധാനം
എന്നാദ്യം ഓതിക്കേട്ടതിവിടെ
കുട്ടികൾ തൻ വളർച്ചക്കും ഉയർച്ചക്കും
വേദിയാകും വിദ്യലയം.
മാർഗ്ഗദീപമായ് നയിക്കാനും
അറിവ് പകരാനും
ഗുരുവായ് വിദ്യാലയം.



# പ്രതീക്ഷയുടെ കിരണങ്ങൾ

ദേവിക .എം XA

ഇളംകാററ് അവൻെറ കവിൾത്തടങ്ങളിലൂടെ **തഴുകിമറിഞ്ഞു.സൂര്യൻെറ പൊൻകിരണം അവൻെറ മുഖത്ത് പതിച്ചിരുന്നു.ചെറുപൂവുകൾ അവനെ നോക്കി പുഞ്ചിരിച്ചു.'' മോനേകയറിവരൂ.....''അമ്മയുടെ വിളിയെ അവൻ കാററിൽ പറത്തി എൻതെന്നില്ലാത്ത സങ്കടത്താൽ അവൻെറ മനമുരുകി.ആകാശത്ത് സ്വർണ്ണവെയിൽ മാഞ്ഞ് കാർമേഘം വ്യാപിക്കുന്നു. തൻെറ സങ്കടമനുസരിച്ച് പ്രകൃതിയിൽ മാററങ്ങളുണ്ടാകുന്നത് അവൻ മനസ്സിലാക്കി.**

**''പ്രകൃതിമാതാവുപോലും തൻെറ വിഷമങ്ങളെല്ലാം മനസ്സിലാക്കുന്നു; എന്നാലുംൾ** ഉണ്ടായിരുന്നെങ്കിൽ.......അവൻെറ കണ്ണുകൾ ഈ മഴയത്തും അമ്മ അവനുവേണ്ടി അധ്വാനിക്കുകയായിരുന്നു. എന്നാ ഏറെ നാൾ ആ അധ്വാനം നീണ്ടുനിന്നില്ല. ജോലിക്കിടെ കുഴഞ്ഞുവ അമ്മ ആ കിടക്കയിൽത്തന്നെ നാളുകൾ കഴിച്ചുകൂട്ടി.ദിവസങ്ങൾ ആഴ്ചകളായും,ആഴ്ചകൾ മാസങ്ങളായും നാളുകൾ കടന്നുപോയി. അമ്മയുടെ വാക്കുകൾക്ക് അതുവരെ കാതുകൊടുക്കാതിരുന്ന മകൻ അമ്മയുടെ വീഴ്ചയോടെ ചുമതലാബോധമുള്ളവനായി.ക്ലാസ്സ്സമയത്തിനുശേഷം വൈകുന്നേരങ്ങളിൽ എല്ലിനുമുകളിൽ ചുമടെടുക്കാൻ തുടങ്ങി. അമ്മയ്ക്കുവേണ്ടി അവൻെറ ജീവിതം സമർപ്പിക്കുകയായിരുന്നു. മക പ്രവൃത്തിയിൽ അമ്മയിൽ ആനന്ദമുളവാക്കിയെങ്കിലും അത് ക്ഷണികമായിരുന്നു. അമ്മ മരണത്തിൻെറ ഗർത്തത്തിലേക്ക് വീഴുകയായിരുന്നു. ക്ലാസിൽ മുൻപന്തിയിലായിരുന്ന അവൻ അമ്മയുടെ മരണത്തോടെ ഏറെ ദുഃഖിതനായി. തന്റെ ജീവിതത്തിന്

അർത്ഥമില്ലായെന്ന വരെ അവൻ ചിന്തിച്ചിരുന്നു . എന്നാൽ അമ്മയുടെ വാക്കുകൾ അവന്റെ ഹൃദയത്തെ

കരുത്തുറ്റതാക്കി."തന്റെജീവിതംവെറുതെജീവിച്ചു തീർക്കാനുള്ളതല്ല,

ഉയർച്ചയിലേക്ക് എത്തേണ്ടവനാണ് താൻ"എന്ന ബോധ്യം

അവനുണ്ടായി, അതിനനുസരിച്ചവൻ പ്രവർത്തിച്ചു തുടങ്ങി; അവൻ

വിജയങ്ങൾ കീഴടക്കിക്കൊണ്ടിരുന്നു. അമ്മയുടെ സ്വപ്നങ്ങൾ നിറവേറ്റാൻ

അവനു കഴിയുന്നു. പ്രതീക്ഷയുടെ കിരണങ്ങൾ ഇനിയും അസ്തമിക്കുന്നില്ല. ഉയരങ്ങൾ കീഴടക്കാൻ ഉണ്ണിയുടെ ജീവിതം ഇനിയും

ബാക്കി.ലക്ഷങ്ങൾക്കു നേരെ അവൻ പായുന്നു.........

# നമ്മുടെ ഭാഷ

അനീറ്റ ജെയിംസ്- VIII C

അമ്പത്തൊന്നക്ഷരങ്ങൾ ചേർത്ത്

ഇമ്പമാർന്നരുവിട്ടും ശ്രേഷ്ഠഭാഷ

ഏതു ദേശത്തിലാകിലും നമ്മൾ

ആത്മാവിൽ സൂക്ഷിക്കും മാതൃഭാഷ

ഏറെ ഭാഷ പഠിച്ചുവെന്നാലും

അമ്മതൻ വാത്സല്യത്തേൻ കിനിയും

നമ്മുടെ മലയാളം , മധുരഭാഷ...

# താളം തെറ്റിയ കാലം




ആഹ്ലാദ എ അദ്രിജ VIIIC

പ്രകൃതി തകരാറായ നാഴിക മണി പോലെയാണ്. പ്രകൃതിയെ തന്റെ ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ജീവിയാണ് മനുഷ്യൻ. മനുഷ്യരുടെ പ്രവർത്തികളുടെ ഫലമായി പ്രകൃതിയുടെ താള ക്രമം തന്നെ തെറ്റി. ഒരു കാലത്ത് ശാസ്ത്രജ്ഞരുടെ ചർച്ചകളിൽ  മാത്രം സ്ഥാനമുണ്ടായിരുന്നു. ആഗോളതാപനം ഭൂമിയെ സർവനാശ- ത്തിലെക്ക്  നയിച്ചാലും അത്ഭുതപ്പെടെണ്ടതില്ല എന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത് . പർവ്വതങ്ങളിലേയും ധ്രുവപ്രദേശ- ങ്ങളിലെയും മഞ്ഞ് ഉരുകിക്കൊണ്ടിരിക്കുന്നു. സമുദ്രത്തിന്റെ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്നു. സൂര്യന്റെ അപകടകരമായ രശ്മിളിൽ നിന്ന് ഭൂമിയെ രക്ഷിക്കുന്ന ഓസോൺ പാളിയിൽ വിള്ളലുകൾ. നിത്യ ജീവിതത്തിൽ പരിസ്ഥിതിക്ക് വളരെ അധികം പ്രാധാന്യമുണ്ട്. പരിസ്ഥിതിക്ക്  വളരെ അധികം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ് . ഇങ്ങനെ പരിസ്ഥിതിയിലുണ്ടാവുന്ന വളരെ ചെറിയ മാറ്റം പോലും നമ്മുടെ

ശരീരത്തിന് താങ്ങാൻ സാധിക്കില്ല ഇപ്പോൾ കാലാവസ്ഥവ്യധിയാനവും ആഗോള-താപനവും മഞ്ഞുരുകലും എല്ലാം മനുഷ്യന്റെ നാശത്തിലേക്കാണ് വഴിതെളിക്കുന്നത് ജീവൻ നിലനിൽക്കുവാൻ കഴിയാത്ത അവസ്ഥ-യിലേക്ക് ഭൂമിയുടെ അന്തരീക്ഷം മാറിക്കൊണ്ടിരിക്കുകയാണ് വനനശീകരണം മുതൽ കെട്ടിട നിർമ്മാണം വരെ പ്രകൃതിക്ക് ദോഷകരമാണ് . ഈ ഭൂമിയിൽ ജീവൻ നിലനിൽക്കാത്ത അവസ്ഥയുണ്ടായാൽ അതിന് കാരണക്കാർ മനുഷ്യൻ തന്നെയായിരിക്കും.

# കൃതജ്ഞത

കലയുടെ കേന്ദ്രമായ കേരളമുറ്റത്ത് വിടർന്നു നിൽക്കുന്ന നറുമലരുകളുടെ സംഗീതത്തെ തൊട്ടു **ണർത്തി പടർന്നു പ്രശോഭിക്കാൻ ഉയരങ്ങളിലേയ്ക്ക് പറത്തിവിട്ട എല്ലാ ഗുരുക്കൻമാർക്കും സജീവമായി പ്രവർത്തിച്ച കൂട്ടായ്മകൾക്കും ഒരായിരം നന്ദി.**

